APPOINTMENT AS DOCTOR—AYURVEDIC DEPARTMENT—QUALIFICATIONS FOR

236. Mr. K. S. Panicker *(Ezhuvas-Mukundapuram):*

താഴെപറയുന്ന ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ഗവൺമെണ്ടിനു ദയവുണ്ടാകുമോ.—

(എ) ആയുർവ്വേദവകുപ്പിൽ വൈദ്യനായി നിയമിക്കണമെങ്കിൽ പാസ്സായിരിക്കേണ്ടതും ഗവൺമെണ്ടു് അംഗീകരിച്ചിട്ടുള്ളതും ആയ വൈദ്യപരീക്ഷായോഗ്യതകൾ എന്തെല്ലാം;

(ബി) ഗവൺമെണ്ടു് അംഗീകരിച്ചിട്ടുള്ള പരീക്ഷായോഗ്യതകൾക്കു് പുറമെ ഒരു കൊല്ലം സെൻട്രൽ ആയുർവ്വേദാസ്പത്രിയിൽ പരിശീലനംകൂടി കഴിച്ചവരെമാത്രമെ വൈദ്യനായി നിയമിക്കുകയുള്ളുവെന്നു പ്രത്യേക നിശ്ചയം ചെയ്തിട്ടില്ലെ;

(സി) വളരെനല്ല വൈദ്യന്മാരാണെങ്കിലും ഗവൺമെണ്ടിന്റെ മേൽപറഞ്ഞ നിശ്ചയപ്രകാരമുള്ള പരീക്ഷായോഗ്യതയും ആസ്പത്രി പരിശീലനവും ഇല്ലെന്നുള്ള കാരണത്താൽ പല വൈദ്യന്മാരുടേയും അപേക്ഷകൾ നിരസിച്ചിട്ടില്ലെ;

(ഡി) ആ അപേക്ഷകർ ഏതേതു സമുദായത്തിൽപെട്ടവരായിരുന്നു;

(ഇ) ഗവൺമെണ്ടിന്റെ മേൽപറഞ്ഞ വ്യവസ്ഥകൾക്കു വിരോധമായി ഫ ഫ ഫൻ-ൽ ആയുർവ്വേദ വകുപ്പിൽ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ടു്;

(എഫ്) അവർ ഏതേതു സമുദായത്തിൽ പെട്ടവരാണു;

(ജി) ഗവൺമെണ്ടിന്റെ മേൽപറഞ്ഞ നിശ്ചയങ്ങൾക്കു വിരോധമായി ഇപ്പോൾ ഇങ്ങിനെ നിയമിക്കുവാനുണ്ടായ കാരണമെന്തു;

(എച്ച്) ഈ നിയമനങ്ങൾ നടത്തിയ സമയം ആദ്യം അപേക്ഷകൾ നിരസിക്കപ്പെട്ട അപേക്ഷകരുടെ അപേക്ഷകളെസംബന്ധിച്ചു പുനരാലോചനചെയ്തുവൊ;

(ഐ) വൈദ്യവിഷയത്തിൽ നിശ്ചിത പരീക്ഷായോഗ്യതയും ഹോസ്പിറ്റൽ പരിശീലനവും കഴിഞ്ഞിട്ടുള്ളവരും ആദ്യംതന്നെ നിയമിക്കപ്പെട്ടവരും സർവ്വീസു കൂടുതലുള്ളവരും ആയ വൈദ്യന്മാരുടെ അവകാശങ്ങളെ അവഗണിച്ചാണൊ നിശ്ചിത പരീക്ഷായോഗ്യതകളും ഹോസ്പിറ്റൽ പരിശീലനവും കഴിച്ചിട്ടില്ലാത്തവരെ ഫ ഫ ഫൻ-ൽ ആയുർവ്വേദ ഡിപ്പാർട്ടുമെണ്ടിലും രാമവർമ്മ സെൻട്രൽ ആയുർവ്വേദ ആസ്പത്രിയിലും നിയമിച്ചിട്ടുള്ളതു;

(ജെ) അങ്ങിനെ ആണെങ്കിൽ അതിനു വല്ല പ്രത്യേക കാരണവും ഉണ്ടൊ; ഉണ്ടെങ്കിൽ എന്തു?

Mr. T. K. Nayar *(Minister for Rural Development):*

(എ) (ഫ) മദ്രാസ്സു് സർവ്വകലാശാലയുടെ എൽ. ഐ. എം; എ. ഐ. എം. എന്നീ ബിരുദകൾ.

(ഖ) മൈസൂർ ഗവൺമെണ്ടിന്റെ വൈദ്യശാസ്ത്രി പരീക്ഷാ.

(ന) തിരുവിതാംകൂർ ഗവൺമെണ്ടിന്റെ വൈദ്യകലാനിധി, വൈദ്യശാസ്ത്രി എന്നീ പരീക്ഷകൾ

(ഭ) കോട്ടക്കൽ ആര്യവൈദ്യ പരീക്ഷ.

(ങ) തൃപ്പൂണിത്തുറ സംസ്കൃത പാഠശാലയിലെ ആയുർവ്വേദശ്രേഷ്ഠ പരീക്ഷ.

(ന) കേരളീയ ആയുർവ്വേദ സമാജ പരീക്ഷ.

(ഒ) മദ്രാസ്സു് സർവ്വകലാശാലയുടെ വൈദ്യശിരോമണി പരീക്ഷാ.

(ബി) എൽ. ഐ. എം; എ. ഐ. എം. എന്നീ ബിരുദധാരികൾ ഒഴികെ മറ്റു പരീക്ഷായോഗ്യതകൾ ഉള്ളവർ വൈദ്യന്മാരായി നിയമിക്കപ്പെടണമെങ്കിൽ സെൻട്രൽ ആയുർവ്വേദാസ്പത്രിയിൽ ഒരു കൊല്ലം പരിശീലനംകൂടി കഴിക്കണമെന്നു നിശ്ചയമുണ്ടു്.

(സി) നല്ല വൈദ്യന്മാരുടെ അപേക്ഷകൾ വൈദ്യപരീക്ഷാ യോഗ്യതയും ആസ്പത്രി പരിശീലനവും ഇല്ലാ എന്നുള്ള കാരണംകൊണ്ടു് നിരസിച്ചിട്ടില്ല.

(ഡി) രണ്ടു് നായർ, ഒരു വാരിയർ, ഒരു മാരാർ, ഒരു ഈഴവൻ ഇവരുടെ അപേക്ഷകൾ ആസ്പത്രി പരിശീലനം ഇല്ലാ എന്നുള്ള കാരണംകൊണ്ടു് ഉപേക്ഷിച്ചിട്ടുണ്ടു്.

(ഇ) മൂന്നു്.

(എഫ്) ക്ഷത്രിയൻ ഫ. പടന്നൻ ഫ.

(ജി) അവർ നല്ല വൈദ്യന്മാരായതുകൊണ്ടു്.

(എച്ച്) ഉവ്വു്.

(ഐ) അല്ല.

(ജെ) ഉത്തരം ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ രണ്ടു ക്ഷത്രിയനും, ഒരു പടന്നനും ആയുർവ്വേദ വൈദ്യശാലയിൽ പരിശീലനമുണ്ടോ?

മിസ്റ്റർ ടി. കെ. നായർ: ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: നല്ല വൈദ്യനാണെന്നു തീർച്ചയാക്കിയതു് ആരാണു്?

മിസ്റ്റർ ടി. കെ. നായർ: നല്ല വൈദ്യനാണെന്നു് അഭിപ്രായം പ്രകടിപ്പിക്കുവാൻ യോഗ്യതയുള്ള ആയുർവ്വേദസുപ്രണ്ടാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇവർക്കു് പരീക്ഷായോഗ്യതക്കു പുറമെ ടെയിനിംഗ് വേണ്ടേ?

മിസ്റ്റർ ടി. കെ. നായർ: വേണ്ട.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മിസ്റ്റർ കാളകണ്ഠമേനോനെ നിയമിച്ചതു് വൈദ്യനായിട്ടാണോ?

മിസ്റ്റർ ടി. കെ. നായർ: അല്ല.

Mr. K. T. Achyutan *(Ezhuvas-Talappalli):* What are the qualifications of these two Kshathriyas and one Padanna?

മിസ്റ്റർ ടി. കെ. നായർ: അവർ വളരെ യോഗ്യന്മാരായ വൈദ്യന്മാരാണു്. പ്രതിഫലം കൂടാതെ ആതുരപത്രിയിൽ ചികിത്സിക്കുവാനുള്ള സൌകര്യം കിട്ടണം, ഓണറേറിയായിട്ടു ചികിത്സ നടത്തിക്കൊള്ളാമെന്നു് അപേക്ഷിച്ചതനുസരിച്ചു് അതിനുള്ള സൌകര്യം ചെയ്തുകൊടുത്തു.

Mr. K. T. Achyutan *(Ezhuvas-Talappalli):* Have they produced any certificates from any responsible person?

മിസ്റ്റർ ടി. കെ. നായർ: ഉവ്വു്.

Mr. K. T. Achyutan *(Ezhuvas-Talappalli):* From whom, please?

Mr. T. K. Nayar *(Minister for Rural Development):* From His Highness the late Maharaja?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ചിലരുടെ അപേക്ഷകൾ നിരസിച്ചുവെന്നു പറഞ്ഞിട്ടുണ്ടു്. അവർ യോഗ്യന്മാരല്ലെന്നു സുപ്രണ്ടു് അഭിപ്രായപ്പെട്ടിട്ടുണ്ടോ?

മിസ്റ്റർ ടി. കെ. നായർ: സുപ്രണ്ടിന്റെ റിപ്പോർട്ടിൽ നല്ല വൈദ്യന്മാരാണെന്നു് പറഞ്ഞാൽ അവർക്കു് എക്സംപ്ഷൻ കൊടുക്കാറുണ്ടു്. അവക്കു് പരിചയം കുറവാണു് വൈദ്യവിഷയത്തിൽ എന്നു കണ്ടാൽ എക്സംപ്ഷൻ കൊടുക്കാറില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവരെ നിയമിച്ച അവസരത്തിൽ പരീക്ഷായോഗ്യതയുള്ള ആളുകൾ വേറെ ഉണ്ടായിരുന്നുവോ?

മിസ്റ്റർ ടി. കെ. നായർ: ഇവരെ വെച്ചിട്ടുള്ളതു് ശമ്പളമുള്ള ജോലിയിലല്ല. ഇപ്പോൾ തൃപ്പുണിത്തുറ ആസ്പത്രിയിൽ ഓണറേറിയായിട്ടു് ജോലി നോക്കുന്നുണ്ടു്. പ്രതിഫലം കൂടാതെ ജോലി ചെയ്യാമെന്നു് വേറെ ആരുടേയും അപേക്ഷകൾ ഉണ്ടായിരുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അങ്ങിനെ വല്ലവരും ഇനി അപേക്ഷിച്ചാൽ ഓണറേറിയായിട്ടു് ചികിത്സിക്കുവാൻ അവർക്കു് സൌകര്യം കൊടുക്കുമോ? ഇപ്പോഴുള്ളവർക്കു സ്ഥിരം ജോലികൊടുക്കുമോ?

മിസ്റ്റർ ടി. കെ. നായർ: അതു് അപ്പോഴത്തെ സൌകര്യം പോലെ ചെയ്യാമെന്നല്ലാതെ ഇപ്പോൾ പറയുവാൻ തരമില്ല.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* Is there any dearth of qualified hands to appoint unqualified hands?

മിസ്റ്റർ ടി. കെ. നായർ: വൈദ്യ പരിശീലനം കഴിച്ചിട്ടുള്ള ആളുകൾ വളരെയധികം ഇല്ലെന്നുള്ളതു് പരസ്യമായിട്ടുള്ള ഒരു സംഗതിയാണു്.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* Are there not qualified hands who could be appointed to these posts?

മിസ്റ്റർ ടി. കെ. നായർ: യോഗ്യത രണ്ടുതരത്തിലാണു്. ഒന്നു, പരീക്ഷായോഗ്യത, രണ്ടു്, പരീക്ഷായോഗ്യതക്കു പുറമെ പരിശീലനം കഴിക്കൽ, ഇതിൽ ഏതിനെ അടിസ്ഥാനപ്പെടുത്തിയുള്ളതാണു് ചോദ്യം എന്നു മനസ്സിലാകുന്നില്ല. പരീക്ഷമാത്രം പാസായിട്ടുള്ള വ

LIBRARY ARCHIVES Kerala Legislative Assembly

രാണെങ്കിൽ പരീക്ഷായോഗ്യതയുള്ളവരാണെന്നു പറയാം. അതോടൊടി പരിശീലനവും വേണം. ആ പരിശീലനം ഇവർക്കില്ല. എന്നാൽ വൈദ്യവിഷയത്തിൽ ഇവരുടെ യോഗ്യതയെ സംബന്ധിച്ചിടത്തോളം വൈദ്യവിദഗ്ധന്മാരുടെ സർട്ടിഫിക്കറുകൾ കിട്ടീട്ടുണ്ട്".

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* Are there not fully qualified hands? Was the appointment of the unqualified hands made due to any dearth of fully qualified hands?

Mr. T. K. Nayar *(Minister for Rural Development):* In these two particular cases, sir, these two Thampurans were expert physicians and they applied to the Government asking for permission to practice in the Hospital. There was no such actual vacancy there. One Thampuran freely volunteered his services and he is attending there. That is the thing. There was no question of going into the details whether there is a qualified hand or not at that particular time.

മിസ്സിസ്സ് തങ്കമ്മ എൻ. മേനോൻ: ശമ്പളം കിട്ടാതെ പണിയെടുക്കാമെന്നുള്ള അപേക്ഷകൾ വരിക; ശമ്പളം തന്നാൽ പണിയെടുക്കാമെന്നു് അപേക്ഷകൾ വരിക; ഇതിൽ ഏതിനാണു് ഗവൺമെണ്ടു് മുൻഗണന കൊടുക്കുന്നതു്?

മിസ്റ്റർ ടി. കെ. നായർ: ഒരു പോസ്റ്റിനു് ഒരു ശമ്പളം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ശമ്പളം വേണ്ടെന്നു പറഞ്ഞാലും ശമ്പളം കൊടുക്കാറുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അഴീക്കോടു് ഇപ്പോഴുള്ള വൈദ്യൻ എന്തു പരീക്ഷ പാസ്സായിട്ടുണ്ടു്?

Mr. T. K. Nayar *(Minister for Rural Development):* I want notice about the Vaidian of Azhikode.

Mr. A. B. Salem *(Mattancheri):* When these Thampurans were appointed were there not vacancies or appointments to be made by Government?

Mr. T. K. Nayar *(Minister for Rural Development):* No.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പുത്തൂർ വൈദ്യശാല നടത്തിയിരുന്ന ആൾ നമ്പ്യാരോ ക്ഷത്രിയനോ?

മിസ്റ്റർ ടി. കെ. നായർ: കൃത്യമായി പറയണമെങ്കിൽ നോട്ടീസ്സു വേണം.

മിസ്റ്റർ പി. നാരായണമേനോൻ: വൈദ്യന്മാരെ നിയമിക്കുമ്പോൾ തൃപ്പുണിത്തുറ സംസ്കൃതപാഠശാലയിൽ ആയുർവ്വേദം പഠിച്ചു് പാസ്സായിട്ടുള്ളവർക്കു മുൻഗണന കൊടുക്കാറുണ്ടോ?

മിസ്റ്റർ ടി. കെ. നായർ: ഇല്ല.

മിസ്റ്റർ പി. നാരായണമേനോൻ: അവർക്കല്ലേ മുൻഗണന കൊടുക്കേണ്ടതു്? കൊച്ചി രാജ്യത്തു് ഇപ്പോൾ ഈ ഒരു പരീക്ഷ മാത്രമല്ലേ ഉള്ളൂ? അപ്പോൾ അവർക്കു മുൻഗണന കൊടുക്കേണ്ടതാണെന്നുള്ള അഭിപ്രായം ഗവൺമെണ്ടിനുണ്ടോ?

മിസ്റ്റർ ടി. കെ. നായർ: വൈദ്യവിദഗ്ധന്മാരുടെ സർട്ടിഫിക്കറുള്ളവരുള്ളപ്പോൾ പരീക്ഷായോഗ്യതമാത്രം നോക്കി ഒരു പ്രത്യേക മുൻഗണന കൊടുക്കേണ്ടിവന്നിട്ടില്ല.

മിസ്റ്റർ പി. നാരായണമേനോൻ: സ്റ്റോറിൽ ആകെ ഈ ഒരു പരീക്ഷമാത്രമായതുകൊണ്ടു് അതു പാസ്സായിട്ടുള്ളവർക്കു മുൻഗണന കൊടുക്കേണമെന്നില്ലേ?

മിസ്റ്റർ ടി. കെ. നായർ: ഇതുവരെ അതിനെപ്പറ്റി ആലോചിച്ചിട്ടില്ല.

മിസ്റ്റർ സി. വി. ഇയ്യു: തൃപ്പുണിത്തുറ സംസ്കൃതപാഠശാലയിലെ വൈദ്യപരീക്ഷപാസ്സായിട്ടുള്ള ഗവൺമെണ്ടുകാരെ അംഗീകരിച്ചിട്ടുണ്ടോ?

Mr. T. K. Nayar *(Minister for Rural Development):* I want notice. The Hon'ble Member is preserving certain things.

Mr. President: Cannot the Hon'ble Member put the question in English?

Mr. C. V. Iyyu *(Kunnamkulam):* Supposing that the Hon'ble Minister finds.....

Mr. President: That is an hypothetical question. (*Laughter*).

Mr. C. V. Iyyu *(Kunnamkulam):* May I know, whether the Hon'ble Minister is aware that the Ayurvedic Examination certificate given by the Trippunithura Sanskrit College is not recognised outside the State?

Mr. T. K. Nayar *(Minister for Rural Development):* I have already answered that question. I want notice.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആയുർവ്വേദ പരീക്ഷകളിൽവെച്ച് ഏറ്റവും ഉപരിയായ പരീക്ഷ എന്താണ്?

മിസ്റ്റർ ടി. കെ. നായർ: അതിനെപ്പറ്റി എനിക്ക നല്ല നിശ്ചയമില്ല.

Mr. C. V. Iyyu *(Kunnamkulam):* If in case the Hon'ble Minister knows that this is not recognised will the Government be pleased to see.....

Mr. President: That is not a request for information.

OFFICERS OF THE TRANSFERRED DEPARTMENTS—PARTICULARS OF

237. Mr. C. V. Iyyu *(Kunnamkulam):* Will Governmant be pleased to state.—

(*a*) the caste-war and taluk-war statement of the officers of the Transferred Departments under the following heads.—

(i) who got grade pay revision since the present Honourable Minister took over charge to the 1st of Karkadagam 1119.

(*b*) the grades of pay and number of the new posts created by the Hon'ble Minister in the Transferred Departments since he assumed charge till 1st Karkadagam 1119.

(*c*) the caste-war and taluk-war statement of officers who were appointed to those posts;

(*d*) the grades of pay these officers were receiving before their appointment in the new grades?

Mr. T. K. Nayar *(Minister for Rural Development):* (*a*) Please see statement placed on the Council Table.

(*b*) (*c*) and (*d*) Please see statement placed on the Council Table.

ASSISTANT DIRECTOR OF INDUSTRIES

238. Mr. C. V. Iyyu *(Kunnamkulam):* Will Government be pleased to state.—

(*a*) the date of appointment of Mr. Sreedhara Menon as Assistant Director of Industries;

(*b*) a brief summary of the work turned out by him till now;

(*c*) the period for which he is appointed.

(*d*) the scale of pay and the present pay he draws at present;

(*e*) the total travelling allowance drawn by Mr. Sreedhara Menon from the date of his appointment till the 1st Mithunam 1119?

Mr. T. K. Nayar *(Minister for Rural Development);* (*a*) 28th Makaram 1118.

(*b*) A brief summary of the work is placed on the Council Table.

(*c*) For the duration of war.

(*d*) 100-5-150 Rs. 105.

(*e*) Rs. 471-15-0.

Mr. C. V. Iyyu *(Kunnamkulam):* May I know, whether the Assistant Director of Industries has introduced any new Industry?

Mr. T. K. Nayar *(Minister for Rural Development):* Very many.

Mr. C. V. Iyyu *(Kunnamkulam):* In the Appendix I have seen no new industry started by him, He has only organised the existing industries. If the Hon'ble President would allow me I shall read the whole appendix.

Mr. T. K. Nayar *(Minister for Rural Development):* Can anybody introduce any new industry, Sir. We have organised several cottage industries. If the Hon'ble Member wants to know whether any industry new to the State has been introduced I want notice.

Mr. C. V. Iyyu *(Kunnamkulam):* What is the meaning of this sort of organising?

Mr. President: Order, order.

Mr. C. V. Iyyu *(Kunnamkulam):* With your leave, Sir, I would read.....

Mr. President: Order, order. The object of placing these laughty answers on the Council table is to save the time of the House. That object would be defeated if the Hon'ble Member reads out the appendix.

REPORT OF MR. I. RAMAN MENON

239. Mr. A. B. Salem *(Mattancheri):* (*a*) will Government be pleased to state what concrete steps have been taken with reference to the suggestions made in the report on Agriculture and the growing of paddy particularly made by Mr. I. Raman Menon, Retired Superintendent of Agriculture in Appendix I and II attached to the report of the Committee appointed by Government into the working of the Co-operative Movement and which was published in the Cochin Government Gazette of Kumbham 7, 1119 with the Proceedings of the Government Order D. 3-12377/19, dated 18th February 1944;

LIBRARY ARCHIVES Kerala Legislative Assembly